## “സാമൂഹിക റേഡിയോയെ ശക്തിപ്പെടുത്തുക” എന്ന ലക്ഷ്യത്തോടുകൂടി 2017 ഏപ്രിൽ 11, 12 തീയ്യതികളിൽ UNESCO യുടെ ന്യൂഡൽഹി കേന്ദ്ര ത്തിൽനടന്ന ദേശീയ ആശയരൂപീകരണസമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ശുപാർശകളും നിർദ്ദേശങ്ങളും.

UNESCOകമ്മ്യൂണിറ്റി മീഡിയ ചെയറിന്റേയും UNESCOന്യൂഡൽഹിയുടെയും സംയുക്താഭിമുഖ്യത്തിൽ 2017 ഏപ്രിൽ 11, 12 തീയ്യതികളിൽ **“ഇന്ത്യയിലെ സാമൂഹികറേഡിയോകളുടെ ശാക്തീകരണം”** എന്ന വിഷയത്തിലൂന്നി ദ്വിദിനദേശീയ ആശയരൂപികരണ സമ്മേളനം സംഘടിപ്പിയ്ക്കുകയുണ്ടായി. തനതുമേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധർ ഉൾകൊള്ളുന്ന ചെറിയ സംഘങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ആറ് പഠനപ്രബന്ധങ്ങളാണ് സമ്മേളനത്തിന് ഗതിവേഗം പകർന്നത്. സാകല്യത(Inclusivity)കാര്യക്ഷമതാനിർമ്മിതി(Capacity building), സുസ്ഥിരത (Substainability), സാങ്കേതികവിദ്യ(Technology),ഗവേഷണം, വിവരക്രോഡീകരണം, വിലയിരുത്തൽ(Research, Documentation and Evalution), കേന്ദ്രസർക്കാരിന്റെ സാമൂഹികറേഡിയോ നയരേഖ (CR policy)എന്നീ ആറ് പ്രമേയങ്ങളാണ് പ്രബന്ധങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രവർത്തനക്ഷമമായ സാമൂഹികറേഡിയോനിലയങ്ങളുടെ പ്രതിനിധികൾ, സാമൂഹികറേഡിയോ ശൃംഖലകൾ, സാമൂഹികറേഡിയോ വക്താക്കൾ, കാര്യക്ഷമതാനിർമ്മിതി സംഘടനകൾ, മാധ്യമവിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്രവാർത്താവിനിമയമന്ത്രാലയ പ്രതിനിധികൾ എന്നിവരാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. വളരെ വിശദമായ ചർച്ചകളുടെ വെളിച്ചത്തിൽ ഇന്ത്യയിൽ സാമൂഹികറേഡിയോ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുത്താനായി പങ്കെടുത്ത പ്രതിനിധികൾ ഐകകണ്ഠേന താഴെ പറയുന്ന ശുപാർശകൾക്ക് രൂപം കൊടുത്തു. ഓരോ വിഷയത്തിനും ചുവടെ സർക്കാരിനും സാമൂഹികറേഡിയോമേഖലയ്ക്കും വെവ്വേറെയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

### 1. സാകല്യത(Inclusivity), തുല്യത(Equity), നാനാത്വം(Diversity)

**സാമൂഹികറേഡിയോ മേഖലയ്ക്ക്**

- വിവരാവകാശം, ഭക്ഷ്യസുരക്ഷയും പരമാധികാരവും, വിദ്യാഭ്യാസം, അംഗപരിമിതരുടെ അവകാശങ്ങൾ മുതലായ മേഖലകളിലെ ജനമുന്നേറ്റങ്ങളോട് സാമൂഹിക റേഡിയോപ്രസ്ഥാനം ആഭിമുഖ്യം പുലർത്തുകയും ഗാഢബന്ധം സ്ഥാപിക്കുകയും ചെയ്യണം. വിവിധതലങ്ങളിലുള്ള സമാനമുന്നേറ്റങ്ങളുടെ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ വ്യത്യസ്തങ്ങളായ പ്രശ്നങ്ങളും, ഉൾകാഴ്ചകളും, സ്വരങ്ങളും നിലപാടുകളും വർദ്ധമാനമായ സ്വരത്തോടുകൂടി സമൂഹമധ്യത്തിൽ അലയടിപ്പിക്കുവാൻ ഇത്തരത്തിലുള്ള കൂട്ടുകെട്ട് സഹായകമാകും. ഇതുമൂലം ആശയസംവേദനത്തിനുള്ള അവകാശങ്ങളും നിലപാടുകളുടെ സമാനവത്കരണവും ആവർത്തിച്ച് സ്ഥിരീകരിക്കപ്പെടുകയും സജീവമായ പൗരത്വം ഉറപ്പു വരുത്തുകയും ചെയ്യും.
- ഒരു സമൂഹത്തിന്റെ ഉള്ളിൽനിന്നു തന്നെ ഉരുത്തിരിയുന്ന സാംസ്കാരിക വൈവിധ്യങ്ങളുടെ പുതിയ രൂപഭാവങ്ങൾ സാമൂഹിക റേഡിയോകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ജീവിതശൈലിവ്യതിയാനങ്ങൾ, സമാനതയുള്ളവർക്കിടയിലെ സാമൂഹിക സമവാക്യങ്ങൾ, കലാ സാഹിത്യ ആവിഷ്ക്കാരങ്ങൾ, വിവിധങ്ങളായ പ്രാതിനിധ്യ രീതികൾ എന്നിവ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

- “കമ്മ്യൂണിറ്റി” എന്ന സംജ്ഞ തന്നെ വാദപ്രതിവാദങ്ങളുയർത്തിയേക്കാവുന്ന ആശയങ്ങളെ ധ്വനിപ്പിക്കുന്നതും പ്രത്യക്ഷത്തിലും പ്രയോഗത്തിലും വളരെ സങ്കീർണത നിറഞ്ഞതുമാണ്. സമൂഹം ബഹുസ്വരതയും ചലനാത്മകതയും ഉള്ളതാണ് എന്ന ഒരു സാമാന്യധാരണ വളർത്തിയെടുക്കാൻ സാമൂഹിക റേഡിയോയുമായി ബന്ധപ്പെട്ട എല്ലാ ഓഹരിപങ്കാളികളും പരിശ്രമിക്കേണ്ടതാണ്. എല്ലാ കാഴ്ച്ചപ്പാടുകൾക്കും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും എല്ലാവർക്കും തുല്യതയോടെ പങ്കാളിത്തം വഹിക്കുന്നതിനും ഉതകുന്ന സാമൂഹ്യ ആന്തരീക അധികാര സംവിധാനത്തെ കുറിച്ച് എല്ലാവരും അതീവ ജാഗ്രതയുള്ളവരും ആയിരിക്കണം.
- എല്ലാ കാര്യക്ഷമതാനിർമ്മാണ പരിശീലനങ്ങളിലും പരിശ്രമങ്ങളിലും AMARCന്റെ ലിംഗ നീതിനിർദ്ദേശങ്ങളും മറ്റു സമാനനയരേഖകളും പരാമർശിക്കുന്ന ലിംഗസമത്വവും തുല്യതയും ഉറപ്പുവരുത്തുന്നതരത്തിലുള്ള പരിപാടികളും പ്രക്ഷേപണങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. ഇത് മാനേജ്മെന്റ് ഉൾപ്പെടെ റേഡിയോ നിലയത്തിലെ ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി എല്ലാവർക്കും ജനാധിപത്യപരമായ ആശയവിനിമയത്തിന്റേയും നാനാത്വത്തിന്റേയും ആവശ്യകതയെക്കുറിച്ച് കൂടുതൽ ബോധ്യത്തിനുതകും. സാമൂഹിക റേഡിയോയുടെ ആന്തരിക നയങ്ങൾ ലിംഗ സമത്വവും സാകല്യവും ഉറപ്പുവരുത്തുന്ന തരത്തിലുള്ള നിയമങ്ങളും സമീപനങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളേണ്ടതാണ്.

### കേന്ദ്ര സർക്കാരിന്

- മറ്റുമാധ്യമങ്ങളുടെ സേവനങ്ങൾ വേണ്ടത്ര ലഭ്യമാകാത്ത മേഖലകളിലും സംഘർഷസാധ്യതയുള്ള പ്രദേശങ്ങളിലും ലൈസൻസ് അനുവദിക്കുന്നതിൽ മുൻഗണനാപരമായ സമീപനവും ക്രിയാത്മക ഇടപെടലുകളും ഉറപ്പുവരുത്തുന്നതിന് സാമൂഹികറേഡിയോയുടെ നയരേഖയിൽ പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. വികസനത്തിന്റെ സ്വീകർത്താക്കൾ എന്ന നിലയ്ക്ക് ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ജനാധിപത്യരീതിയിലുള്ള തീരുമാനങ്ങളെടുക്കാനും കൂട്ടായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള അവസരങ്ങളും വേദികളും സൃഷ്ടിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.
- ദുരന്തനിവാരണം നടത്തുവാനും ദുരന്തങ്ങൾ തടയാനും ലഘൂകരിക്കാനും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്താനും ഉതകുന്ന തരത്തിലുള്ളതും അടിയന്തിരമായി മാറ്റിസ്ഥാപിക്കുവാൻ സാധ്യതയുള്ളതുമായ സാമൂഹികറേഡിയോ അനുമതികൾ ലഭിക്കുവാനുള്ള വ്യവസ്ഥകൾ സാമൂഹികറേഡിയോ നയരേഖകളിൽ തന്നെ ഉണ്ടാകേണ്ടതാണ്.
- എല്ലാവരേയും ഉൾക്കൊള്ളുന്നതരത്തിലും തുല്യതയും നാനാത്വവും പ്രോത്സാഹിപ്പിക്കുന്നതുമായ തത്വങ്ങളും പ്രക്രിയകളും നടപടിക്രമങ്ങളും നടപ്പാക്കാനുതകുന്നതരത്തിലും സാമൂഹികറേഡിയോ നിലയങ്ങളെ ജാഗ്രതയുള്ളവരാക്കാൻ കാര്യക്ഷമതാശേഷി വർദ്ധിപ്പിക്കാനും പഠനശിഖിരങ്ങൾ സംഘടിപ്പിക്കുവാനുമുള്ള സഹായങ്ങൾ സർക്കാർ നൽകേണ്ടതാണ്.

## 2. കാര്യക്ഷമതാ നിർമ്മിതി (CAPACITY BUILDING)

### സാമൂഹിക റേഡിയോ മേഖലയ്ക്ക്

- പദ്ധതികൾ വിശദമായി ആസൂത്രണം ചെയ്യാനായി, ഈ മേഖലയിൽ മൂലധന സഹായം നൽകുന്ന ഓഹരിപങ്കാളികളുടെ (ഉദാ-**CEMCA,UNICEF,UNESCO**) പ്രത്യേക

താത്പര്യങ്ങളും ഊന്നൽ മേഖലകളും സാധിക്കുമെങ്കിൽ മൂലധന വിഹിതത്തോടൊപ്പം കേന്ദ്രവാർത്താവിതരണ മന്ത്രാലയമായോ കൺസോർഷ്യവുമായോ പങ്കുവെയ്ക്കുക.

- പരിശീലന പദ്ധതികളിൽ ഒരു ബഹുമുഖ സമീപനം പ്രോത്സാഹിപ്പിക്കാനായി ആരോഗ്യ, പാരിസ്ഥിതിക, ലിംഗസമത്വ വിഷയങ്ങളിലെ മാധ്യമേതര അതിവിദഗ്ധരെ ഉൾപ്പെടുത്തുക. അതോടൊപ്പം തന്നെ നാടൻ കലകളിലും അരങ്ങുകളിലും മറ്റ് മാധ്യമമേഖലകളിലും അതിവിദഗ്ധരുടെ സേവനം സാധ്യമാക്കിയാൽ സർഗ്ഗാത്മകവും പാർശ്വവത്കരിക്കപ്പെട്ടവരുടെ ചിന്താരീതികൾ ഉൾക്കൊള്ളുന്നതുമായ പുതുമയാർന്ന പരിപാടികൾ ആവിഷ്കരിക്കാൻ സാധിക്കും.
- സാമൂഹിക റേഡിയോ കാര്യക്ഷമതാ നിർമ്മിതിക്കായുപയോഗിക്കുന്ന എല്ലാ പരിശീലന സാമഗ്രികളും ഏകീകരിച്ച് എല്ലാവർക്കും സംലഭ്യമാക്കുന്ന വിധത്തിൽ Creative Commons ന്റെ ഭാഗമാക്കുക. പരിഭാഷാവകാശങ്ങളോടും സഹായങ്ങളോടുമൊപ്പം പരിശീലന സാമഗ്രികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുതകുന്ന പരിശീലന മാർഗരേഖകളേക്കുറിച്ചും ചിന്തിയ്ക്കേണ്ടതാണ്.
- പൊതുമിനിമ പരിശീലനങ്ങൾക്ക് വേണ്ടിയും പരിശീലനാവശ്യങ്ങൾ വേർതിരിച്ച് അറിയുന്നതിനും വേണ്ടിയും പരിശീലന മേഖലയിലെ വിവിധ സംഘടനകൾക്ക് ഒരു കൂട്ടുകെട്ട് രൂപപ്പെടുത്താവുന്നതാണ്.
- എപ്പോഴും വാർത്താവിതരണ വകുപ്പിന്റേയും ഓഹരിപങ്കാളികളുടേയും സംഘടിതമായ പരിശീലന സംരംഭങ്ങളെ മാത്രം ആശ്രയിക്കാതെ പ്രവർത്തനക്ഷമമായ റേഡിയോ നിലയങ്ങൾ തങ്ങളുടേതായ തനതു പരിശീലന സംസ്കാരം രൂപപ്പെടുത്തുകയും പ്രാദേശിക തലത്തിൽ സമയബന്ധിതമായി ആവശ്യാനുസൃതം പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.
- ഓരോ സംസ്ഥാനത്തിലും ഒരേ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിലും അതിവിദഗ്ധ പരിശീലകരുടെ ഒരുനിര അവരുടെ ഇടയിൽ നിന്നുതന്നെ കെട്ടിപ്പടുക്കാൻ സാധിച്ചാൽ ചിലവ് കുറഞ്ഞതും ഫലപ്രദവും ത്വരിതഗതിയിലുള്ളതുമായ ഹ്രസ്വകാല തുടർപരിശീലനങ്ങൾ സജ്ജീകരിക്കാൻ സഹായകമാകും.
- ഏതെങ്കിലും പരിശീലനപദ്ധതിയിൽ പങ്കെടുത്ത ഒരു വ്യക്തി, സാമൂഹിക റേഡിയോ ജീവനക്കാരും സമൂഹത്തിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ഒരു വലിയ ഗ്രൂപ്പുമായി അവർക്ക് ലഭിച്ച ആശയങ്ങളും പരിശീലനങ്ങളും സാമഗ്രികളും പങ്കുവെയ്ക്കുന്ന രീതിയ്ക്കു തുടക്കമിടാൻ ഓരോ റേഡിയോ നിലയങ്ങളും പരിശ്രമിക്കേണ്ടതാണ്.
- നേതൃത്വപാടവവും തീരുമാനങ്ങളെടുക്കാനുള്ള ശേഷികളും പ്രോത്സാഹിപ്പിക്കുവാനായി പരിശീലനാനന്തര കൈകോർക്കലുകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

**കേന്ദ്രസർക്കാരിന്**

- ഈ മേഖലയിലെ വിവിധങ്ങളായ കാര്യക്ഷമതാ നിർമ്മിതി പ്രവർത്തനങ്ങൾ കുറച്ചു കൂടി ഏകോപിപ്പിക്കുന്നതിനായി കേന്ദ്രവാർത്താവിതരണ പ്രക്ഷേപണ വകുപ്പിന് കീഴിലും നേതൃത്വത്തിലും ഈ മേഖലയിലുള്ള എല്ലാ ഏജൻസികളേയും സംഘടനകളേയും ഒരേ കുടക്കീഴിൽ കൊണ്ടു വരുന്ന ഒരു കൺസോർഷ്യത്തിന് രൂപം കൊടുക്കാവുന്നതാണ്.

- പരിശീലനം നൽകാൻ പ്രാപ്തിയുള്ള ഏജൻസികളുടെ പുതുക്കിയ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുക.
- ഉപയോക്താക്കൾക്ക് തങ്ങളുടെ പ്രതികരണം നൽകാനുള്ള സൗകര്യമുൾപ്പെടെ അതിവിദഗ്ധരുടേയും വ്യക്തിഗത വിദഗ്ദോപദേശകരുടേയും പുതുക്കിയ സ്ഥിതിവിവര ശേഖരം നിർമ്മിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.
- വിവിധ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയും പ്രവിശ്യകൾക്ക് വേണ്ടിയും ഒരേ ഭാഷ ഉപയോഗിക്കുന്ന പ്രദേശങ്ങൾക്ക് വേണ്ടിയും ഒരു പരിശീലന കലണ്ടർ വികസിപ്പിച്ചെടുക്കുക.
- പരിശീലന പദ്ധതികളിൽ ഒരു ബഹുമേഖല സമീപനം ഉറപ്പു വരുത്തുന്നതിനായി ആരോഗ്യ, പാരിസ്ഥിതിക, ലിംഗസമത്വ വിഷയങ്ങളിലും നാടൻ കലകളിലും അരങ്ങുകളിലും മറ്റ് മാധ്യമ മേഖലകളിലും പ്രാവീണ്യം ഉള്ളവരുടെ സേവനം സംലഭ്യമാക്കിയാൽ, സർഗ്ഗാത്മകവും പാർശ്വവത്കരിക്കപ്പെട്ടവരുടെ ചിന്താരീതികൾ പ്രസരിക്കുന്നതുമായ പുതുമയാർന്ന പരിപാടികൾ ആവിഷ്കരിക്കാൻ സാധിക്കും.
- എല്ലാ പരിശീലന സാമഗ്രികളും ഏകീകരിച്ച് എല്ലാവർക്കും സംലഭ്യമാകുന്ന തരത്തിൽ Creative commons ന്റെ ഭാഗമാക്കുക. പരിഭാഷകളോടും സഹായങ്ങളോടും ഒപ്പം പരിശീലന സാമഗ്രികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുതകുന്ന പരിശീലന ഗൈഡുകൾ ഇറക്കുന്നതും പരിഗണിക്കേണ്ടതാണ്.

## 3. സുസ്ഥിരത(Sustainability)

### സാമൂഹിക റേഡിയോ മേഖലയ്ക്ക്

- സാമൂഹിക റേഡിയോയെ കേവലമൊരു വികസന ഉപാധിയാണ് എന്ന ഊന്നലിനും ഉപരിയായി ആശയവിനിമയത്തിനുള്ള അവകാശത്തിന്റെ മാതൃകയ്ക്കുള്ളിൽ (Paradigm) പുനർവിഭാവനം ചെയ്യുക. പൗരജനതയ്ക്ക് അഭിപ്രായ പ്രകടനത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള അവകാശം ഉറപ്പു വരുത്തുന്ന ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദത്തിന്റെ (19(1)(9)) ചൈതന്യം ഉൾക്കൊണ്ട് വേണം ഈ പുനർ വായന നടത്തേണ്ടത്.
- പരിപാടികളുടെ ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായി സാമൂഹിക റേഡിയോകളെ കൂടുതൽ സ്വതന്ത്രരാക്കാൻ അടിസ്ഥാന പ്രക്ഷേപണ ചിലവുകൾക്കായി സാമൂഹിക റേഡിയോകൾക്കു മാത്രമായി അടിസ്ഥാന മൂലധനം നീക്കിവയ്ക്കുക.
- സുനിശ്ചിതമായ ഫലങ്ങളും മാതൃകകളും ലക്ഷ്യമിട്ടുള്ള പഠനം സാദ്ധ്യമാകത്തക്ക വിധത്തിൽ റേഡിയോനിലയപ്രവർത്തകരുടെ പരസ്പരസന്ദർശനങ്ങളും വിജയിച്ചരീതികളുടെ കൈമാറ്റങ്ങളും സാധ്യമാക്കുകയും എല്ലാവർക്കും ഓൺലൈൻ വിവരങ്ങൾ സംലഭ്യമാക്കുകയും ചെയ്യുക.

### കേന്ദ്ര സർക്കാരിന്

- സാമൂഹിക റേഡിയോ സുസ്ഥിരതയ്ക്കുമാത്രമായി വിദ്ഗ്ധാഭിപ്രായശേഖരണത്തിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുകയും, അന്തർദേശീയ, ദേശീയ, പ്രാദേശിക തലങ്ങളിൽ മികവു തെളിയിച്ച പ്രവർത്തന രീതികൾ പങ്കുവയ്ക്കുകയും ചെയ്യുക. ഇങ്ങനെയുള്ള നൂതന സംരംഭങ്ങളെകുറിച്ചും രീതികളെകുറിച്ചുമുള്ള വിവരക്രോഡീകരണം നടത്തുകയും അത് പങ്കുവയ്ക്കുകയും ചെയ്യുക.

- മാതൃസ്ഥാപനത്തിൽനിന്നും വേറിട്ട സ്വത്വവും പ്രവർത്തനസ്വാതന്ത്ര്യവുമുള്ള ഒരു സംവിധാനമായി സാമൂഹികറേഡിയോനിലയങ്ങളെ വേർതിരിച്ചറിയാൻ സാധിക്കുന്നതരത്തിൽ നിയന്ത്രണ ചട്ടക്കൂടുകളിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
- സാമൂഹിക റേഡിയോ നിലയങ്ങളുടെ ചരിത്രത്തിലെ ഏറ്റവും അവസാനത്തെ നിർബന്ധപൂർവ്വമായ ഒരു ഉടമസ്ഥ കൈമാറ്റം എന്നതിനേക്കാൾ, ലൈസൻസ് അനുവദിക്കുന്ന കാലഘട്ടം മുതൽ, തീരുമാനങ്ങളെടുക്കുന്നതിലും ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിലും സാമൂഹിക ജനപങ്കാളിത്തം നിർബന്ധമാക്കുന്ന തരത്തിൽ പ്രക്രിയകൾ ഉണ്ടാകേണ്ടതാണ്.
- നിശ്ചിത കാലയളവുകളിൽ സാമൂഹിക റേഡിയോകളുടെ സാമൂഹിക തിട്ടപ്പെടുത്തൽ ക്രമമായി നടത്തുകയും, പുതിയതായി പ്രവർത്തനമാരംഭിച്ചിരിക്കുന്ന റേഡിയോ നിലയങ്ങളുടെ കാര്യക്ഷമതാനിർമ്മിതിപ്രക്രിയകളിൽ ഇങ്ങനെയുള്ള തിട്ടപ്പെടുത്തലിനുള്ള സ്ഥിരംപരിശീലനസംവിധാനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.
- സാമൂഹിക റേഡിയോകളുടെമേൽ ചുമത്തിയിരിക്കുന്ന ഉള്ളടക്ക നിയന്ത്രണങ്ങൾക്ക് ഇളവുവരുത്തുകയും പ്രാദേശിക വാർത്തകളുടേയും അറിയിപ്പുകളുടേയും സമാഹരണവും പ്രക്ഷേപണവും സ്വതന്ത്രമായി നിർവഹിക്കാനുള്ള അനുമതി സാമൂഹിക റേഡിയോകൾക്ക് നൽകുകയും ചെയ്യുക.
- കൺസോർഷ്യത്തിന്റെ രൂപത്തിൽ കാര്യക്ഷമതാനിർമ്മിതിപ്രക്രിയകൾ വിപുലപ്പെടുത്തുകയും സ്ഥാപനവല്കരിക്കുകയും ചെയ്യുക. സുസ്ഥിരതയുടെ വിവിധ വശങ്ങൾക്ക് നൂതന പരിഹാരമാർഗങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സുസ്ഥിരതാബന്ധിയായ ഘടകങ്ങൾ ഉൾപ്പെടുത്തിയായിരിക്കണം ഇത് ചെയ്യേണ്ടത്.
- സാമൂഹിക റേഡിയോ സാങ്കേതികവിദ്യയുടെ സുസ്ഥിരമായ കാര്യക്ഷമതാ നിർമ്മിതിയും സാങ്കേതികവിദ്യ സംബന്ധിയായ പഠനങ്ങളും ഒരു പ്രത്യേക പരിശീലന ശാഖയുടെ കീഴിൽ ക്രമപ്പെടുത്തേണ്ടതാണ്.
- സ്വാതന്ത്ര്യവും മൂലധന വൈവിധ്യവും ഉറപ്പുവരുത്തുന്നതിനായി, DAVP യിൽ നിന്നും സാമൂഹിക റേഡിയോ നിലയങ്ങളിലേക്കുള്ള പണം നല്കൽ നിജപ്പെടുത്തുന്നതോടൊപ്പം സാമൂഹിക റേഡിയോ നിലയങ്ങൾക്കും ഓഹരി പങ്കാളി സംഘടനകൾക്കും, സാമൂഹിക റേഡിയോ അസോസിയേഷനുകൾക്കും സർക്കാർപരസ്യങ്ങളും സ്പോൺസർഷിപ്പുകളും സ്വീകരിക്കാനുള്ള പരിധികൾ നിശ്ചയിക്കേണ്ടതാണ്.
- സുനിശ്ചിതമായ ഫലങ്ങളും മാതൃകകളും ഉപയോഗിച്ച് തുടർ പഠനം സാധ്യമാകത്തക്ക വിധത്തിൽ സമാന റേഡിയോ നിലയ പ്രവർത്തകരുടെ സന്ദർശനങ്ങളും പ്രവർത്തിച്ച് വിജയത്തിലെത്തിയ രീതികളുടെ കൈമാറ്റങ്ങളും സാധ്യമാക്കുകയും എല്ലാവർക്കും ഓൺലൈൻ വിവരങ്ങൾ സംലഭ്യമാക്കുകയും ചെയ്യുക.
- സാമൂഹിക റേഡിയോയുടെ പൊതു ഉടമസ്ഥാവകാശത്തെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചുമുള്ള അടിസ്ഥാനപ്രമാണങ്ങളെ മാനിക്കുന്ന തരത്തിലുള്ള സാമൂഹികസൗഹൃദ ലൈസൻസ് കൈമാറ്റ പ്രക്രിയയ്ക്ക് രൂപം കൊടുക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുക.
- സർക്കാരിന്റേയും ഓഹരി പങ്കാളികളുടേയും സഹകരണത്തോടെ സാമൂഹിക റേഡിയോ സഹായനിധി ഒരു സ്വതന്ത്രമേഖലാഫണ്ടായി പുനർരൂപകൽപന ചെയ്യുകയും പുനസ്ഥാപിക്കുകയും ചെയ്യുക. അതോടൊപ്പം തന്നെ സാമൂഹിക റേഡിയോ സാങ്കേതികവിദ്യയുടെ പ്രാദേശികവത്കരണത്തിനും കുറഞ്ഞ എക്സൈസ് തീരുവകളും നിരക്കുകളും ഉറപ്പു വരുത്തുന്നതിനും സഹായകമാകുന്ന നിയന്ത്രണ ചട്ടക്കൂട്ടുകളും ഉണ്ടാകേണ്ടതാണ്.

  MHA, MoUT മുതലായ മന്ത്രാലയങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ച് FCRA 2010 പോലെയുള്ള നിയമനിർമ്മാണങ്ങളുടെ ഭവിഷ്യത്തുകളും പ്രത്യാഘാതങ്ങളും പരിഹരിക്കേണ്ടതാണ്. മാധ്യമ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക്

തടസ്സമായേക്കാവുന്നതും സാമൂഹിക റേഡിയോ നയരേഖയ്ക്ക് വെല്ലുവിളിയാക്കാനിടയുള്ളതുമായ വ്യവസ്ഥകൾ മൂലമുള്ള സംഘർഷസാധ്യതകൾ ഇല്ലാതാക്കാനും ഇത് സഹായകമാകും.

## 4. <u>സാങ്കേതിക വിദ്യ (Technology)</u>

### <u>കേന്ദ്ര സർക്കാരിന്</u>

- സാക്ഫാ (SACFA), ഫ്രീക്വൻസി അലൊക്കേഷൻ (തരംഗവിന്യാസ നിർണയം) എന്നിവയ്ക്കുള്ള അപേക്ഷ നടപടിക്രമങ്ങൾ ലളിതമാക്കുക എന്നത് ദീർഘ കാലമായിട്ടുള്ള ആവശ്യമാണ്. ഇത് ഉടനടി നടപ്പിലാക്കേണ്ടതാണ്.
- ഡബ്ള്യൂ.പി.സി(WPC)യിൽ ഫലപ്രദവും മുകളിൽ സൂചിപ്പിച്ച സംവിധാനങ്ങൾക്ക് വേണ്ടി മാത്രമുള്ളതുമായ ഒരു സഹായസംവിധാനം (ഹെല്പ് ഡെസ്ക്) കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സാക്ഫാ, ഫ്രീക്വൻസി അലൊക്കേഷൻ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തങ്ങളുടെ സംശയങ്ങളോട് ഡബ്ള്യൂ.പി.സി (WPC) പ്രതികരിക്കുന്നില്ലെന്ന് പല അപേക്ഷകരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
- ഗ്രാമീണ മേഖലയിലും നഗരപ്രദേശങ്ങളിലും ക്രമബദ്ധവും യുക്തിസഹവും ക്രിയാത്മകവുമായ തരംഗവിന്യാസത്തിന്റെ ഒരു ഭൂപടം ആവശ്യമാണ്. സ്പെക്ട്രം നിർണയിച്ചു നല്കുന്നതിൽ സാമൂഹ്യ നീതിയുടേയും സമത്വത്തിന്റേയും അടിസ്ഥാന തത്വങ്ങൾ കാണാതെ പോകരുത്.
- 20 വാട്സ് വരെ പ്രസരണശേഷിയുള്ള പ്രക്ഷേപണത്തിന് ലഘു ലൈസൻസ് വ്യവസ്ഥകൾ നിർമ്മിക്കുകയോ അല്ലെങ്കിൽ അവയെ ലൈസൻസ് മുക്തമാക്കുകയോ ചെയ്യുക.
- സാമൂഹിക റേഡിയോ കാര്യക്ഷമതാ നിർമാണ പ്രക്രിയയിൽ സാമൂഹിക റേഡിയോ സപ്പോർട്ട് ഫണ്ട് ഉപയോഗപ്പെടുത്തി സാമൂഹിക റേഡിയോ സാങ്കേതിക വിദ്യയ്ക്കും സാങ്കേതിക പ്രക്രിയകൾക്കും സവിശേഷമായ പരിശീലന പദ്ധതികൾ ഏർപ്പെടുത്തുക.
- സാമൂഹിക റേഡിയോ സപ്പോർട്ട് സ്കീമിനു കീഴിലുള്ള സാങ്കേതിക വിദ്യ നവീകരണ സഹായം പുനരുജ്ജീവിപ്പിക്കുക. (വാർത്താ വിതരണ വകുപ്പ് വർഷങ്ങൾക്ക് മുമ്പ് ഇതിനായി സ്വീകരിച്ച അപേക്ഷകളിൽ ഇതേ വരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.)
- പുതിയതായി സാമൂഹിക റേഡിയോ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ചിലവ് ചുരുക്കുന്നതിന് ഉപകരണങ്ങളുടെ ഇറക്കുമതി ചുങ്കം നീക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയവും വിവര വിനിമയ സാങ്കേതിക വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണം. ഇന്ത്യയിൽ നിർമ്മിക്കപ്പെടാത്ത സാമൂഹിക റേഡിയോ ഉപകരണങ്ങൾ, പ്രക്ഷേപണികളുടെ നിർമ്മാണ ഘടകങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഇതിൽപ്പെടുന്നു.
- 250 വാട്സിൽ അധികപ്രസരണശേഷി അനുവദിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ ഏതൊക്കെയാണെന്ന് കേന്ദ്ര വാണിജ്യ പ്രക്ഷേപണ മന്ത്രാലയം നിർവ്വചിക്കണം. തരംഗവിന്യാസം (Spectrum) പലപ്പോഴും നഗരപ്രദേശങ്ങളിൽ അപര്യാപ്തവും ഗ്രാമ പ്രദേശങ്ങളിൽ പൂർണമായും വിനിയോഗിക്കപ്പെടാത്തതുമാണ് എന്ന വസ്തുത കണക്കിലെടുത്ത് ഈ വസ്തുതകളെ വളരെ ശ്രദ്ധയോടെ നിർവ്വചിക്കേണ്ടതാണ്.

- സാങ്കേതികവിദ്യാ സഹായധനത്തിന് മുന്നോട്ട് വച്ചിരിക്കുന്ന വ്യവസ്ഥകൾ പലപ്പോഴും വളരെ കണിശവും ചലനാത്മകതയില്ലാത്തതും പുതിയ സാങ്കേതിക വിദ്യകൾ ഉരുത്തിരിയുന്നതിന്റെ വേഗത കണക്കിലെടുക്കാത്തതുമാണ്.
- സംഘാതാത്മക പ്രവർത്തനം ആഗ്രഹിക്കുന്ന റേഡിയോനിലയങ്ങൾക്കുകൂടി സാമ്പത്തിക സഹായം നല്കുക.
- പുത്തൻ സാങ്കേതിക വിദ്യയുടെ ആവിർഭാവം, സമൂഹവുമായുള്ള ഇടപെടലുകളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സമൂഹ പങ്കാളിത്തത്തെ വിലയിരുത്താൻ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം മാത്രം മാനദണ്ഡമാക്കിക്കൂടാ, ജനപങ്കാളിത്തത്തിന്റെ ആഴവും തീവ്രതയും കൂടി കണക്കിലെടുക്കണം.
- സാമൂഹിക റേഡിയോകളെ സാങ്കേതികവത്കരിക്കാനുള്ള ഏതൊരു ശ്രമവും സമഗ്രമായ പര്യാലോചനകളിലൂടെ മാത്രമേ നടപ്പിലാക്കാവൂ.
- മറ്റ് രാജ്യങ്ങളിൽ നിന്നുള്ള പാഠങ്ങൾ കണക്കിലെടുക്കുമ്പോൾ തന്നെ സാമൂഹിക റേഡിയോ മേഖലയിൽ നയപരമായ തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതിനു മുമ്പ് വ്യക്തമായ ഒരു സമയരേഖ നിശ്ചയിക്കണം.

## 5. ഗവേഷണം, വിവരക്രോഡീകരണം, വിലയിരുത്തൽ(Research, Documentation, Evaluation)

### സാമൂഹിക റേഡിയോ മേഖലയ്ക്ക്

- സമാന്തര പഠനം സുസാധ്യമാക്കുന്നതിനായി സാമൂഹിക റേഡിയോകൾക്കിടയിൽ പരസ്പര സന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കണം. നിലവിൽ പങ്കുവെപ്പിനും പഠനത്തിനും സഹകരണത്തിനും ഉപയുക്തമാകുന്ന വേദികളെ സുസ്ഥിരമാക്കുകയും ശാക്തീകരിക്കുകയും ചെയ്യണം.
- സാമൂഹിക റേഡിയോ കൂട്ടായ്മ ലക്ഷ്യമാക്കി ഈ മേഖല ഒന്നാകെ കൂടുതൽ ഉണർന്ന് ഒരുമയോടെ പ്രവർത്തിക്കണം. ഇന്ത്യയിലെ സാമൂഹിക റേഡിയോ പ്രക്ഷേപണത്തിന്റെ വിട്ടുവീഴ്ച ചെയ്യാനാവാത്ത അടിസ്ഥാന തത്വങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു ധാർമ്മിക മൂല്യ സംഹിത ഈ കൂട്ടായ്മ സ്വാംശീകരിക്കണം.
- സാമൂഹിക റേഡിയോ മേഖലയിലെ ഗവേഷണം, മൂല്യ നിർണ്ണയം, വിലയിരുത്തൽ രീതികൾ മുഖ്യധാരാ മാധ്യമങ്ങൾ അവലംബിച്ചിട്ടുള്ളവയിൽ നിന്ന് വിഭിന്നവും വ്യത്യസ്തവും ആയിരിക്കണം. കൂടാതെ സാമൂഹിക റേഡിയോ ദർശനങ്ങൾക്കും അടിസ്ഥാന പങ്കാളിത്ത പ്രമാണങ്ങൾക്കും നിരക്കുന്നതുമായിരിക്കണം.

### കേന്ദ്ര സർക്കാരിന്

- സാമൂഹിക റേഡിയോ നിലയങ്ങളിൽ ഗവേഷണ, വിവര, ക്രോഡീകരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സമാന്തര പഠനത്തിന്റെയും തുടർ പുരോഗതിയുടേയും ഉപകരണം എന്ന നിലയിൽ സ്വയം വിലയിരുത്തലിന് സമാനവിശകലന പദ്ധതികളും പരിശീലന പരിപാടികളും പ്രോത്സാഹിപ്പിക്കേണ്ടതും ത്വരിതപ്പെടുത്തേണ്ടതുമാണ്.

- സാമൂഹിക റേഡിയോ മേഖലയിൽ ഗവേഷണത്തിനും വിവര ക്രോഡീകരണത്തിനും സർക്കാർ പിന്തുണ നൽകുകയും, ഉപരി പഠനങ്ങൾ പൂർത്തീകരിക്കപ്പെടുന്ന മുറയ്ക്ക്, ഗവേഷണ ഫലങ്ങൾ വിവിധ ഓഹരി പങ്കാളികളുമായി പങ്കുവയ്ക്കുകയും, അവയുടെ സൂചനകൾ സുതാര്യമായി ചർച്ചചെയ്യുകയും വേണം.
- സാമൂഹിക റേഡിയോ മേഖലയിലെ ഗവേഷണം, മൂല്യ നിർണ്ണയം, വിലയിരുത്തൽ രീതികൾ മുതലായവ മുഖ്യധാരാ മാധ്യമങ്ങൾ അവലംബിച്ചിട്ടുള്ളവയിൽ നിന്ന് വിഭിന്നവും വ്യത്യസ്തവും ആയിരിക്കണം. കൂടാതെ സാമൂഹിക റേഡിയോ ദർശനങ്ങൾക്കും അടിസ്ഥാന പങ്കാളിത്ത പ്രമാണങ്ങൾക്കും നിരക്കുന്നതുമായിരിക്കണം.
- സാമൂഹിക റേഡിയോ മേഖലയ്ക്കുള്ള പിന്തുണയും ഈ മേഖലയിലെനയരൂപീകരണവും നിർണ്ണയിക്കപ്പെടുന്നത് വിവര ക്രോഡീകരണം, ഗവേഷണം, വിലയിരുത്തൽ എന്നിവയുടെ വെളിച്ചത്തിലാണെന്ന് ഉറപ്പുവരുത്താനുള്ള പ്രക്രിയകളും നടപടിക്രമങ്ങളും ഉണ്ടാകേണ്ടതാണ്.

## 6. <u>സാമൂഹിക റേഡിയോ നയരേഖ</u>(CR Policy)

### <u>കേന്ദ്ര സർക്കാരിന്</u>

#### *1. ലൈസൻസ് നൽകൽ*

- സാമൂഹിക സേവനത്തിൽ പ്രകടമായ പ്രതിബന്ധത തെളിയിച്ചിട്ടുള്ള തൊഴിലാളി സംഘടനകളെയും (രാഷ്ട്രീയ പാർട്ടികളുമായി അഫിലിയേറ്റ് ചെയ്യാത്തവ) സഹകരണപ്രസ്ഥാനങ്ങളെയും ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സർക്കാരിതര സംരംഭങ്ങളെയും കൂടി സാമൂഹിക റേഡിയോ ലൈസൻസ് ലഭിക്കാനായി പരിഗണിക്കേണ്ടതാണ്.
- പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ മറ്റു സർക്കാർ ഏജൻസികൾക്കും, വകുപ്പുകൾക്കും സാമൂഹിക റേഡിയോ സ്ഥാപിച്ച് നടത്തുവാനുള്ള അനുവാദം നൽകേണ്ടതില്ല. വിവിധസമൂഹങ്ങളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തിവരുന്ന സാമൂഹികറേഡിയോകളുടെ യഥാർത്ഥചൈതന്യം നിലനിർത്തുന്നതിനുവേണ്ടിയാണിത്.
- പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ വൈവിധ്യവും ഭൂപ്രകൃതിയും അനുസരിച്ച് ഓരോ സാമൂഹികറേഡിയോയെയും പ്രത്യേകം പ്രത്യേകമായി പരിഗണിച്ച്, കൂടുതൽ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഉയർന്ന ഉയരത്തിലുള്ളതുമായ പ്രദേശങ്ങളിലും ആവശ്യാനുസരണം നിർദ്ദിഷ്ട 100 watt ERP എന്ന പൊതുനിബന്ധന മറികടന്ന് കൂടുതൽ പ്രസരണശേഷി അനുവദിക്കേണ്ടതാണ്.
- ഏകജാലകസംവിധാനത്തിന്റെ ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിന് വിവരവിനിമയസാങ്കേതിക വകുപ്പിൽ (MoCIT) നിന്നുള്ള അനുവാദം ഉൾപ്പെടെ സാമൂഹികറേഡിയോ അനുവദിച്ചുകിട്ടുന്നതിനുള്ള എല്ലാ അപേക്ഷകളുടെയും സംയോജിതവും ത്വരിതഗതിയിലുള്ളതുമായ ലൈസൻസിംഗ് സമ്പ്രദായം നടപ്പിലാക്കേണ്ടതുണ്ട്.
- സാമൂഹികറേഡിയോകൾ നടത്താൻ പുതിയ അനുമതി നൽകുമ്പോൾ സാമൂഹികറേഡിയോ പ്രവർത്തിക്കുന്നില്ലാത്ത സംസ്ഥാനങ്ങൾക്കും മറ്റു മാധ്യമങ്ങളുടെ സേവനപ്രവർത്തനങ്ങൾ കുറവുള്ളതുമായ പ്രദേശങ്ങൾക്ക് മുന്തിയ പരിഗണന നൽകണം.

അടിയന്തിര സാഹചര്യങ്ങൾക്കും ദുരിത സാഹചര്യങ്ങൾക്കും മാത്രമായി രാജ്യവ്യാപകമായി ഒരു പ്രത്യേക ഫ്രീക്വൻസി നീക്കിവയ്ക്കേണ്ടതാണ്. കൂടാതെ കൂടുതൽ ദുരിതസാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നുള്ള അപേക്ഷകരോട് ഉയർന്ന മുൻഗണനയോടുകൂടിയ അനുകൂലസമീപനവും സ്വീകരിക്കേണ്ടതാണ്.

- അപേക്ഷകൾ പരിഗണിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനങ്ങളും കൂടുതൽ സുതാര്യവും, സത്യസന്ധമായ പ്രാധിനിത്യം ഉറപ്പുവരുത്തുന്നതും, ജനാധിപത്യപരവും ആരെയും പക്ഷപാതപരമായി മാറ്റിനിർത്താതെ എല്ലാവരെയും ഉൾകൊള്ളുന്നതുമായിരിക്കണം. അപേക്ഷ നിരസിക്കാനായി കമ്മിറ്റി ചൂണ്ടികാണിക്കുന്ന കാരണങ്ങൾ ഒരു പൊതുവേദിയിൽ എല്ലാവർക്കും സംലഭ്യമാക്കേണ്ടതാണ്.

### *2. ഉള്ളടക്കം*

- സാമൂഹിക റേഡിയോകൾക്ക് പ്രാദേശികവാർത്തകൾ പ്രക്ഷേപണം ചെയ്യാൻ അനുമതി നൽകുന്ന അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്വതന്ത്രമായി നിർമ്മിക്കുന്ന വാർത്തകളും തൽസമയവിവരങ്ങളും പ്രക്ഷേപണം ചെയ്യുന്നതിന് ഇന്ത്യയിലെ സാമൂഹിക റേഡിയോകൾക്കും അനുമതി നൽകേണ്ടതാണ്.
- തൽസമയ വിശേഷങ്ങളും വാർത്തകളും പ്രക്ഷേപണം ചെയ്യുവാൻ സാമൂഹിക റേഡിയോകളെ ശക്തിപ്പെടുത്തുന്ന വിധത്തിൽ ആവശ്യമെങ്കിൽ FCRA മാനദണ്ഡങ്ങൾ പോലും പുന:പരിശോധിക്കേണ്ടതാണ്.
- സാമൂഹികറേഡിയോകളിൽ പ്രക്ഷേപണം ചെയ്യുന്ന പ്രാദേശിക സാംസ്കാരികവിഭവങ്ങളുടെ വാണിജ്യചൂഷണം തടയുന്നതിനും പ്രാദേശിക സാംസ്കാരികതനിമയെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ അനുയോജ്യവ്യവസ്ഥകൾ ബൗദ്ധികസ്വത്തവകാശ നയത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

### *3. സാമ്പത്തികസമാഹരണവും നിയന്ത്രണസംവിധാനങ്ങളും*

- സാമൂഹിക റേഡിയോസ്റ്റേഷനുകൾക്ക് നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ ലംഘിക്കുന്നില്ല എന്നുറപ്പുവരുത്താനുതകുന്ന കാര്യക്ഷമമായ പരിശോധനകളുള്ളതും സന്തുലിതവും നിയതവുമായ ഒരു സ്വതന്ത്ര നിയന്ത്രണ സംവിധാനം സൃഷ്ടിക്കേണ്ടതാണ്.
- സാമ്പത്തികസഹായം വിതരണംചെയ്യാൻ തീരുമാനമെടുക്കാൻ സ്വയം ഭരണാധികാരമുള്ള ഒരു പൊതുസംവിധാനം സംജാതമാക്കുന്നതുൾപ്പെടെ സാമൂഹിക റേഡിയോകളുടെ ഫണ്ടിംഗ് രീതി പുനരവലോകനം ചെയ്യേണ്ടതാണ്
- സാമൂഹികറേഡിയോകൾക്കു വേണ്ടിയുള്ള പരസ്യങ്ങൾ, സ്പോൺസർഷിപ്പ്, മറ്റ് സർക്കാർ ഫണ്ടിംഗ് എന്നിവ സുതാര്യമാക്കേണ്ടതാണ്.
- ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി എല്ലാ സാമൂഹിക റേഡിയോ നിലയങ്ങൾക്കും BBNL High Speed Broad Band (ഭാരത്ബ്രോഡ്ബാന്റിംഗ് നെറ്റ് വർക്ക് ലിമിറ്റഡ്) നൽകേണ്ടതാണ്. എഫ്.എം പ്രക്ഷേപണങ്ങളുടെ നിരീക്ഷണം നിയന്ത്രിക്കാൻ സാധിക്കുന്നതിലൂടെ സർക്കാരിന്റെ ആശങ്ക പരിഹരിക്കാൻ കൂടി സഹായകരമാകും.
- ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി ഓൺലൈൻ സ്ട്രീമിംഗിൽ ഏർപ്പെട്ടിരിക്കുന്ന സാമൂഹിക റേഡിയോനിലയങ്ങളെ ടെലികോം കമ്പനികൾ ഡാറ്റാചാർജുകൾ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## *4. സ്പെക്ട്രവും സാങ്കേതികവിദ്യയും*

- ട്രാൻസ്മിറ്ററുകളുടെയും മറ്റ് പ്രക്ഷേപണ ഉപകരണങ്ങളുടെയും ലഭ്യത സുഗമമാക്കുകയും, ഇവ ഇറക്കുമതി ചെയ്യുമ്പോൾ എക്സൈസ് തീരുവയും മറ്റ് ചുങ്കങ്ങളും ചുമത്തുന്നതിൽ നിന്നും സാമൂഹിക റേഡിയോ നിലയങ്ങളെ ഒഴിവാക്കുകയും ചെയ്യുക.
- 20 വാട്സിൽ കുറഞ്ഞ പ്രക്ഷേപണശേഷിയുള്ള എഫ്.എം സ്റ്റേഷനുകൾക്ക് ലളിതമായ ലൈസൻസിംഗ് സംവിധാനമോ, അല്ലെങ്കിൽ ലൈസൻസിംഗ് ആവശ്യമില്ലാത്ത വ്യവസ്ഥകളോ ഏർപ്പെടുത്തേണ്ടതാണ്.
- പ്രത്യേകിച്ച് സാമൂഹിക റേഡിയോയിൽ പ്രക്ഷേപണത്തിന്റെ ഡിജിറ്റൽവത്കരണത്തിനായി കൂടുതൽ ശ്രദ്ധാപൂർവ്വവും ബോധപൂർവ്വവുമായ നീക്കങ്ങൾ ഉണ്ടാകണം.
- രാജ്യത്തിന്റെ ഒരു ക്രമീകൃത തരംഗവീചി വിന്യാസം ആവിഷ്കരിച്ച് ഒരു പൊതു ഡൊമെയ്നിൽ സ്ഥാപിക്കുക. അതുവഴി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഫ്രീക്വൻസികളുടെ ലഭ്യതയെകുറിച്ചുള്ള കൂടുതൽ വസ്തുനിഷ്ഠവും കാര്യകാരണ സഹിതവുമായ കാഴ്ചപ്പാടുകൾ സംലഭ്യമാകും.